# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ : ശ്രീമതി റ്റി.വി.അനുപമ ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് - സ്ഥാപനത്തിലെ കുട്ടികൾക്ക് ബെഡ് വാങ്ങുന്നതിനുള്ള അനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: (1) തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിൻെറ 16/02/2021-ലെ കത്ത് നമ്പർ GCH/84/19.

(2) കേരള സ്റ്റേറ്റ് കയർ ബോർഡിൽ നിന്നുള്ള 14/05/2020-ലെ CB/TSR/MKG/2020-21 നമ്പർ ഇൻവോയിസ്

**ഉത്തരവ് നമ്പർ ICPS 2/0878/2021 തീയതി : 16/03/2021**

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിലെ കുട്ടികൾക്ക് 50 മെത്തകൾ വാങ്ങുന്നതിലേയ്ക്കായി കേരള സ്റ്റേറ്റ് റബ്ബർ കോപ്പറേറ്റീവ് ലിമിറ്റഡ് നമ്പർ എന്ന സ്ഥാപനത്തിൻെറ ഇൻവോയിസ് പ്രകാരം 1,24,142/-രൂപ അനുവദിക്കണമെന്ന് പരാമർശം ഒന്ന് പ്രകാരം കയർ ബോർഡിൻെറ ഇൻവോയിസ് സഹിതം സ്ഥാപന സൂപ്രണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

ഐ.സി.പി.എസ് ഗൈഡ്ലൈൻ പ്രകാരം റിക്കറിംഗ് എക്സ്പെൻഡിച്ചർ ഇനത്തിൽ 50 കുട്ടികൾ ഉള്ള ഒരു ഹോമിന് ബെഡ്, കിടക്കകൾ എന്നിവ വാങ്ങുന്നതിനായി സാമ്പത്തിക വർഷം 40,000/-രൂപ വരെ അനുവദിക്കാവുന്നതാണ്. 2019-20-ലെ റിക്കറിംഗ് എക്സ്പെൻഡിച്ചർ ഇനത്തിലുള്ള തുക നടപ്പ് സാമ്പത്തിക വർഷത്തിലേയ്ക്ക് റീ-വാലിഡേറ്റ് ചെയ്ത് ലഭ്യമായിട്ടുണ്ട്. ടി സാഹചര്യത്തിൽ തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിലെ കുട്ടികൾക്ക് മെത്തകൾ വാങ്ങുന്നതിലേയ്ക്കായി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ തുകകൾ ചേർത്ത് ആകെ 80,000/-രൂപ അനുവദിക്കാവുന്നതാണ്.

സൂപ്രണ്ടിൻെറ അപേക്ഷ പരിഗണിച്ച് തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിലെ കുട്ടികൾക്ക് മെത്തകൾ വാങ്ങുന്നതിലേയ്ക്കായി 80,000/-രൂപ (എൺപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. സൂപ്രണ്ട് കയർ ബോർഡിൽ നിന്നും 80,000/-രൂപയിൽ അധികരിക്കാതെ മെത്തകൾ വാങ്ങേണ്ടതാണ്. നടപ്പു സാമ്പത്തിക വർഷം തന്നെ ഈ പ്രവൃത്തി നടപ്പിലാക്കേണ്ടതാണ്. കൂടുതൽ മെത്തകൾ ആവശ്യമാകുന്ന മുറയ്ക്ക് അടുത്ത സാമ്പത്തിക വർഷം പ്രൊപ്പോസൽ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

PTO

ടി തുക (80,000/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-61 (P) 34 OC-യിൽ നിന്നും (റിക്കറിംഗ് എക്സ്പെൻഡിച്ചർ ഇനത്തിൽ) തൃശൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. തൃശൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസർ ടി തുക തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ (ബോയ്സ്) സൂപ്രണ്ടിന് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. സൂപ്രണ്ട് ടി തുകയുടെ ബില്ലിൻെറ പകർപ്പ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപറ്റ് രസീത് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ജില്ലാ വനിതാ ശിശു വികസന ഓഫീസർ
തൃശൂർ

<u>പകർപ്പ്</u>

1. സൂപ്രണ്ട്
   ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്
   രാമവർമ്മപുരം, തൃശൂർ
2. സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ
   (അലോട്ട്മെൻറ് നൽകുന്നതിനു വേണ്ടി)
3. ഐ.സി.പി.എസ് - 4
   (ചെലവ് സംബന്ധിച്ച രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
4. സ്റ്റോക്ക് ഫയൽ
5. സ്പെയർ കോപ്പി
6. വെബ് സൈറ്റ്

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM - 12
WOMEN & CHILD DEVELOPMENT DEPARTMENT